# സാമൂഹിക ബഹിഷ്കരണത്തിന്റെ സ്ഥലപരമായ മാനങ്ങൾ

**അശ്വതി പി.**
ഗവേഷക
മലയാളവിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃതസർവകലാശാല,
കാലടി
Email: aswathyananthan2022@gmail.com

**സംഗ്രഹം**

ഉത്തരാധുനിക ചിന്താപദ്ധതികളിൽ സ്ഥലഭാവന (Space) എന്നത് ഭൂമിശാസ്ത്രത്തിന്റെയും സാമൂഹ്യശാസ്ത്രത്തിന്റെയും വിഷയമേഖലകളെ കവിഞ്ഞുനിൽക്കുന്ന ആശയമായി മാറിക്കഴിഞ്ഞു. ഇടം, സ്ഥലഭാവന, സ്ഥലം എന്നീ പദങ്ങളിലൂടെ ഭൗതികമായ അസ്തിത്വത്തിനതീതമായ മാനമാണ് ഈ ആശയത്തിന് കൈവരുന്നത്. സാമ്പ്രദായികമായ വൈജ്ഞാനിക രീതികളിൽ നിന്നും വ്യതിചലിച്ച് കൊണ്ട് ഹെൻറി ലഫബ്രെ നടത്തിയ പഠനങ്ങളാണ് സ്ഥലപഠനങ്ങളിൽ നിർണ്ണായകമായ ദിശാവ്യതിയാനം സൃഷ്ടിച്ചത്. കാലവും ദേശവും സംഭവങ്ങളും സ്ഥലത്തിലേയ്ക്ക് സമന്വയിപ്പിച്ച ഈ നൂതന സൈദ്ധാന്തിക സമീപനം വിവിധ ജ്ഞാനമേഖലകളിലേയ്ക്ക് വ്യാപിച്ചിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ വിദ്യാഭ്യാസം, സാഹിത്യം, ലിംഗപഠനങ്ങൾ, വംശീയപഠനങ്ങൾ, കല എന്ന് തുടങ്ങിയ നിരവധിയായ വിഷയങ്ങളിൽ സ്ഥലഭാവനയെ സൈദ്ധാന്തികമായി പ്രയോജനപ്പെടുത്തുന്നുണ്ട്. ആധുനികാനന്തര കാലത്ത് സജീവമായ അന്തർവൈജ്ഞാനികമായ ജ്ഞാനനിർമ്മിതിയുടെ പശ്ചാത്തലത്തിൽ സാഹിത്യഗവേഷണത്തിലും സ്ഥലസിദ്ധാന്തങ്ങൾ പ്രയോഗിക്കപ്പെടുന്നുണ്ട്.

സാമൂഹ്യബഹിഷ്കരണത്തിന്റെ വിമർശനാത്മകമായ ഉള്ളടക്കമെന്ന നിലയിൽ സ്ഥലഭാവന പൊതുമണ്ഡലങ്ങളെ അതിന്റെ സൂക്ഷ്മതകളിലേയ്ക്ക് മടക്കിവിളിക്കുന്നു. ഇത് ഏറെ സൈദ്ധാന്തിക സാധ്യതകൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. സ്ഥലമെന്നതിന് സാമ്പ്രദായിക പഠനങ്ങളിലുള്ള വിവക്ഷകളെ നൂതന സൈദ്ധാന്തിക പരിസരം മറികടക്കുന്നുണ്ട്. ഈ പ്രബന്ധത്തിൽ ലഫബ്രെ, ഡേവിഡ് ഹാർവ്വെ, ഹോമി കെ. ഭാഭ, എഡ്വേർഡ് വില്യം സോജ എന്നിവരുടെ സൈദ്ധാന്തിക സമീപനങ്ങളെ ദലിതെഴുത്തുകളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുന്നു. അത് ഇന്ത്യൻ സാഹചര്യത്തിലെ ജാതിയെന്ന

സാമൂഹിക ബഹിഷ്കരണ സംവിധാനത്തിന്റെ അരികുവൽകരണത്തിന്റെ സ്ഥലപരമായ വശങ്ങളെ എങ്ങനെയാണ് വെളിവാക്കുന്നതെന്നും ചർച്ച ചെയ്യുന്നു. കൂടാതെ സ്ഥലഭാവനയെന്ന ആശയത്തിനകത്തെ ലിംഗപരമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന ഡോറീൻ മാസിയുടെ സിദ്ധാന്തങ്ങളും ഇതിനോട് കൂട്ടിച്ചേർക്കുന്നുണ്ട്. സാമാന്യവൽകരിക്കപ്പെടുന്ന ഇടങ്ങളിൽ അരികുവൽക്കരണത്തിന്റെ അധിക ബാധ്യതകളുള്ള സ്ത്രീ സമൂഹങ്ങൾ അദൃശ്യരായി തുടരുന്നതിനെയാണ് മാസി ചോദ്യം ചെയ്യുന്നത്. ഇത്തരത്തിൽ ദലിതനുഭവങ്ങളിലെ സ്ഥലഭാവനയെ സാമാന്യമായും അതിലെ ലിംഗഭേദങ്ങളെ സവിശേഷമായും വിശകലനം ചെയ്യുന്നതിലൂടെ സാമൂഹിക ബഹിഷ്കരണത്തിന്റെ അടരുകളെ അടയാളപ്പെടുത്താൻ സാധിക്കും.

**താക്കോൽവാക്കുകൾ:** സ്ഥലപരത, സ്ഥലഭാവന/ഇടം, രാഷ്ട്രസങ്കല്പം, അരികുവൽക്കരണം, മൂന്നാമിടം, ദേശഭാവന, സാമൂഹിക ഇടം, അംബേദ്കറിസം

## തൃതീയ സ്ഥലസിദ്ധാന്തം- ഉത്തരാധുനിക സ്ഥലവിവക്ഷകളുടെ വർത്തമാനം

വരാനിരിക്കുന്ന കാലത്തെ സ്ഥലഭാവന അനിശ്ചിതത്വത്തിലാണെന്ന് ഹെൻറി ലഫബ്രെ വാദിക്കുന്നു. പൊതു-സ്വകാര്യ ഇടങ്ങൾ, നഗര-ഗ്രാമങ്ങൾ, പ്രാദേശികവും ആഗോളവുമായ ഇടങ്ങൾ എന്നിവയ്ക്കിടയിലുള്ള പരമ്പരാഗത വേർതിരിവുകൾ അപ്രധാനമാവുകയും നൂതനമായ സ്ഥലവിചിന്തനങ്ങളിലേയ്ക്ക് ലോകം പ്രവേശിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു. ജനാധിപത്യം, സമത്വം, സുസ്ഥിരത എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള, നീതിപൂർണ്ണമായ ഇടങ്ങളെ വിഭാവനം ചെയ്തുകൊണ്ടുള്ള ഒരു പുതിയ സമീപനമാണ് തുടർന്ന് വേണ്ടതെന്നും സ്ഥലനിർമ്മിതിയെക്കുറിച്ചുള്ള പുസ്തകത്തിന്റെ വിശദമായ വായന നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. അത്തരത്തിൽ ലഫബ്രെയുടെ കരുത്തുറ്റ ആശയലോകത്തിൽ നിലയുറപ്പിച്ചുകൊണ്ടാണ് അർബൻ പ്ലാനറും പോസ്റ്റ് മോഡേൺ ജോഗ്രഫറും കൾച്ചറൽ തിയറിസ്റ്റുമായ എഡ്വേർഡ് സോജ സ്ഥലഭാവനയെ പുതിയൊരു പരിപ്രേക്ഷ്യത്തിലൂടെ വിശദീകരിക്കുന്ന വിഖ്യാതമായ തൃതീയസ്ഥലസിദ്ധാന്തം (Third Space Theory) വികസിപ്പിച്ചെടുത്തത്. എഡ്വേർഡ് സോജ മിസ്റ്റിക് മാർക്സിസ്റ്റ് ആണെന്നും[1]/ മാർക്സിസ്റ്റ് വിരുദ്ധസമീപനമാണ് സ്വീകരിക്കുന്നതെന്നുമുള്ള വാദഗതികൾ സജീവമാണ്. എന്നാൽ സോജ അത് നിഷേധിക്കുകയും അദ്ദേഹത്തിന്റെ ആശയങ്ങൾ അധികാരം ഓരങ്ങളിലേയ്ക്ക് നീക്കിയിരുത്തിയ മനുഷ്യസമൂഹങ്ങളുടെ അനുഭവങ്ങളാണെന്നും മറുവാദമുയർത്തുന്നുണ്ട്. എന്തു തന്നെയായാലും വർഗവിശകലനത്തിന്റെ പരിമിതികളെ മറികടക്കുന്നിടത്താണ് സോജയുടെ വൈജ്ഞാനികാന്വേഷണങ്ങൾ അനുഭവനിഷ്ഠമായ സ്ഥലഭാവനയുടെ വ്യതിരിക്തതകളിൽ ദൃഷ്ടിയുറപ്പിക്കുന്നത്. രീതിശാസ്ത്രപരമായി അയഞ്ഞ ഘടന ജാതിയെപ്പോലെ സങ്കീർണ്ണമായ വ്യവസ്ഥയുടെ സ്ഥലപരമായ അന്വേഷണങ്ങളെ ഒരുപരിധിവരെ പിന്തുണക്കുന്നുണ്ട്. എന്നിരുന്നാലും ജാതിയുടെ സ്ഥലപരതയെ സംബന്ധിച്ച സമഗ്രമായ വിലയിരുത്തൽ എന്ന അർത്ഥത്തിലല്ല സോജയുടെ സിദ്ധാന്തങ്ങളുടെ പ്രസക്തി. മറിച്ച് ജാതിയുടെ സ്ഥലപരതയേയും അതിലെ അനുഭവമൂല്യത്തെയും സൈദ്ധാന്തികമായി വിലയിരുത്താനുള്ള ഒരു അടിത്തറ എന്ന നിലയിലാണ്.

 ISSN: 2582 - 2594

ഇന്ത്യൻ-ബ്രിട്ടീഷ് പണ്ഡിതനും വിമർശനാത്മക സൈദ്ധാന്തികനുമായ ഹോമി കെ. ഭാഭയും എഡ്വേർഡ് സോജയും തൃതീയ സ്ഥലസങ്കൽപ്പത്തെ വ്യത്യസ്ത തലങ്ങളിൽ വികസിപ്പിച്ചെടുത്ത ഉത്തരാധുനിക സൈദ്ധാന്തികരാണ്. ഭാഭയുടെ മൂന്നാമത്തെ ഇടം സങ്കരത്വത്തിന്റെ ഇടമാണ്, അവിടെ സംസ്കാരങ്ങൾ പുതിയതും അപ്രതീക്ഷിതവുമായ രീതികളിൽ കണ്ടുമുട്ടുകയും സംവദിക്കുകയും ചെയ്യുന്നു[2]. 1994ൽ ഈ ആശയത്തെ പ്രഥമമായി ചർച്ചക്കെടുക്കുന്നതും ഹോമി കെ. ഭാഭയാണ്. തുടർന്ന് 1996ലാണ് സോജയുടെ തൃതീയസ്ഥലസിദ്ധാന്തം സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനത്തിന്റെ ഇടമെന്ന നിലയിൽ വികസിച്ച് വന്നത്.[3] പരമ്പരാഗത അധികാര ഘടനകളെ വെല്ലുവിളിക്കാനും തകർക്കാനും കഴിയുന്ന ഈ ഇടത്തിലാണ് മനുഷ്യർക്ക് ഒരുമിച്ച് നിൽക്കാൻ കഴിയുന്നത്. ഭാഭയും സോജയും വൈവിധ്യത്തിന്റെയും സാംസ്കാരികസാങ്കര്യത്തിന്റെയും ഇടങ്ങളെ രണ്ട് വ്യത്യസ്ത മേഖലകളിൽ നിന്നുകൊണ്ടാണ് അഭിസംബോധന ചെയ്യുന്നത്. ഭാഭയുടെ ചിന്താധാരകൾ സോജയെയും ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട് എന്നതും ശ്രദ്ധിക്കേണ്ട കാര്യമാണ്.

ഭാഭയുടെ നിർവ്വചനം ഏകാധിപത്യപരമായ സാംസ്കാരിക പാരമ്പര്യങ്ങളെ നിരാകരിക്കുകയും സങ്കരത്വവും പരസ്പര സ്വാധീനവും കൊണ്ട് നിർമ്മിക്കപ്പെട്ട ബഹുസാംസ്കാരികതയെ അംഗീകരിക്കുകയും ചെയ്യുന്നു. അപകോളനീകരണത്തിന്റെ ചർച്ചകൾക്കിടയിലാണ് ഇത്തരമൊരു ആശയം വികസിച്ചുവരുന്നത്.[4] കോളനീകരണമെന്ന ഭാവനാത്മകമായ ഇടം ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്. അത് വൈരുദ്ധ്യാത്മകമായ അനുഭവമണ്ഡലങ്ങളുടെ സൃഷ്ടിയ്ക്ക് കാരണമായിത്തീർന്ന ഒന്നാണ്. ബ്രാഹ്മണാധിപത്യത്തെ നിഷ്പ്രഭമാക്കിക്കൊണ്ട് ഇന്ത്യയുടെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവും ചരിത്രപരവുമായ ആധിപത്യങ്ങളിലേയ്ക്ക് യുറോപ്യൻ വ്യവസ്ഥ സ്ഥാനപ്പെടുത്തിയ കോളനീകരണം ഔദ്യോഗികമായി അവസാനിച്ചുവെന്ന് കരുതപ്പെടുന്നു. എന്നാൽ ഇംഗ്ലീഷുകാരുടെ വർഗീയതയടക്കമുള്ള ആശയങ്ങൾ രാഷ്ട്രസങ്കല്പത്തെ കീഴ്പ്പെടുത്തുന്നു. പ്രത്യക്ഷത്തിൽ കൊളോണിയൽ വിരുദ്ധമായിരിക്കുമ്പോഴും ഇന്ത്യയെന്ന ഹിന്ദുരാഷ്ട്രത്തിന്റെ ഭാവനാത്മകമായ ഇടം ആരംഭം മുതൽക്കുതന്നെ കൊളോണിയലിസത്തോട് ചേർന്നുനിൽക്കുന്നതാണ്. അടിസ്ഥാനപരമായി വൈദിക സംസ്കാരത്തിന്റെ ഘട്ടത്തിലും കൊളോണിയൽ കാലഘട്ടത്തിലും ജനാധിപത്യപരമായിരിക്കുമ്പോഴുമെല്ലാം അധികാരകേന്ദ്രങ്ങൾ ദലിത് സമൂഹത്തിന് പ്രതികൂലമായ നിലപാടുകളാണ് സ്വീകരിക്കുന്നത്. അധികാരത്തിന്റെ പൊതുഘടനയിലേയ്ക്ക് വരുന്ന വിവിധ ശക്തികൾ ദലിത് സമൂഹത്തെ പ്രാന്തവൽക്കരിക്കുന്നുണ്ട്. സാംസ്കാരികമായ സങ്കരത്വത്തെ നിഷേധിച്ചുകൊണ്ട് ഹിന്ദുരാഷ്ട്രമെന്ന ദേശഭാവന കൊളോണിയലിസത്തിന്റെ സ്ഥലഭാവനയായിത്തീരുന്നു. ഒരേസമയം വിമോചനാത്മകവും അതേസമയം ആധിപത്യപരവുമായ തലങ്ങളിലേക്ക് സ്ഥലകാലങ്ങളിലൂടെ നിവർന്നുകിടക്കുന്ന അനുഭവനിഷ്ഠമായ ദേശഭാവനയേയാണ് സോജയും ഭാഭയും പഠനവിധേയമാക്കുന്നത്. മൂന്നാമിടം എന്ന സ്ഥലനിർവ്വചനത്തിലൂടെ അരികുവൽക്കരിക്കപ്പെട്ട സാമൂഹ്യാനുഭവങ്ങളെ അതിന്റെ വ്യതിരിക്തതകളോടെ അടയാളപ്പെടുത്തുന്നിടത്താണ് നീതിയും സമത്വവുമുള്ള സാമൂഹ്യ ഇടം (Social Space) എന്ന ആശയത്തെ ഇരുവരും രൂപപ്പെടുത്തുന്നത്. സ്ഥലപഠനത്തിൽ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ മാനങ്ങൾ കൂട്ടിയിണക്കിക്കൊണ്ടുള്ള സമീപനം കൂടിയാണിത്.

സോജ തന്റെ പുസ്തകത്തിലെ രണ്ടാമത്തെ അധ്യായത്തിന്റെ ആരംഭത്തിൽ 'സാമൂഹികമായ ഇടം' എന്താണെന്ന് വിശദീകരിച്ചുകൊണ്ടാണ് തൃതീയമായ സ്ഥലചർച്ചകളിലേക്ക് കടക്കുന്നത്. സാമൂഹ്യ ഇടം എന്നതിന്റെ ഭിന്നപ്രകൃതിയെ വിശദീകരിക്കാൻ സോജ ഉപയോഗപ്പെടുത്തുന്ന ചില ദ്വന്ദ്വങ്ങളാണ് യാഥാർത്ഥ്യം-ഭാവനാത്മകം, മൂർത്തം-അമൂർത്തം, ഭൗതികം-രൂപാത്മകം തുടങ്ങിയവ[5]. ആദ്യത്തേത് സാമൂഹിക ഇടത്തിന്റെ യഥാർത്ഥവും ഭാവനാത്മകവുമായ തലമാണ്. ആളുകൾ പരസ്പരം ഇടപഴകുന്ന ഒരു ഭൗതിക സ്ഥലമെന്ന അർത്ഥത്തിൽ സാമൂഹിക ഇടം യഥാർത്ഥമാണ്. എന്നിരുന്നാലും മനുഷ്യരുടെ ചിന്തകൾ, വികാരങ്ങൾ, വിശ്വാസങ്ങൾ എന്നിവയാൽ ആ സ്ഥലത്തെക്കുറിച്ചുള്ള ഭാവന രൂപപ്പെട്ടിട്ടുണ്ടാവും. ഈ അർത്ഥത്തിൽ സാമൂഹിക ഇടം സാങ്കൽപ്പികമാവുന്നു. ഉപരിവർഗ്ഗത്തിന്റെയും ദലിത് സമൂഹത്തിന്റെയും ദേശഭാവനകൾ തമ്മിലുള്ള അന്തരം ഇത്തരത്തിൽ ജാതിയുടെ അനുഭവപരമായ വ്യതിയാനങ്ങളാണ്. സാമൂഹിക ഇടത്തിന്റെ ഭാവനാത്മകത അതിന്റെ അനുഭവമൂല്യത്തിലാണ് നിലകൊള്ളുന്നത്. മറ്റൊന്ന് ഇന്ദ്രിയങ്ങളാൽ സംവേദനക്ഷമമാവുന്നതുകൊണ്ട് മൂർത്തമാവുമ്പോൾ തന്നെ അത് ദൃഢമോ നിശ്ചലമോ അല്ലാത്ത വിധത്തിൽ അമൂർത്തമാവുകയും ചെയ്യുന്നു. കാരണം ഓരോ ഇടങ്ങളും മൂർത്തമായിരിക്കുമ്പോഴും അമൂർത്തമായ അധീശത്വ വ്യവഹാരങ്ങളെ അവ പലമട്ടിൽ സ്വാംശീകരിക്കുന്നുണ്ട്. *ഭൂതകാലം തളം കെട്ടിനിന്ന രണ്ടുനില കെട്ടിടങ്ങൾ സമചതുരാകൃതിയിൽ പരസ്പരബന്ധിതമായിരുന്നു. ബോട്ടണി ഡിപ്പാർട്ട്മെന്റിനോട് ചേർന്നുള്ള പിരിയൻ ഗോവണി ആർ. പ്രസാദിന്റെ ഒരു കഥയിലെ കഥാപാത്രമായിരുന്നു. പല വലിപ്പത്തിലുള്ള ക്ലാസ് മുറികളിൽ ചിലത് തട്ടുകളായി തിരിച്ചവയായിരുന്നു. രൂക്ഷഗന്ധം പ്രസരിപ്പിക്കുന്ന ലാബറട്ടറികൾ. മഹാരാജാസിൽ പഠിച്ചവർക്ക് കോളേജ് ഒരു ഗൃഹാതുരമായ ഓർമ്മയാകാൻ കാരണം ആ സ്ഥാപനത്തിന്റെ സവിശേഷ നിർമ്മിതിയും രാജകീയ പ്രൗഢിയുമാണെന്ന് തോന്നുന്നു*[6]. മഹാരാജാസ് കോളേജിന്റെ മൂർത്തമായ നിർമിതിയിൽ ഗുപ്തമായിരിക്കുന്ന അധികാരവർഗ്ഗത്തിന്റെ രാജകീയമായ പ്രൗഢിയെ കണ്ടെടുക്കുന്ന കെ. കെ കൊച്ചിന്റെ അരികുവൽക്കരണത്തിന്റെ അനുഭവലോകം സവർണ്ണഗൃഹാതുരത്വവുമായി സംഘർഷത്തിൽ ഏർപ്പെടുന്നുണ്ട്. ദൃഢവും നിശ്ചലമായ സ്ഥലത്തെ അസ്ഥിരപ്പെടുത്തുന്ന അനുഭവം കൂടിയാണിത്. അതുപോലെ ഭൗതികമായിരിക്കുമ്പോഴും സ്വത്വം, അധികാരം എന്നിവയെ ആവിഷ്കരിക്കുന്ന മട്ടിൽ രൂപാത്മകമായുള്ള തുടർച്ചയും സാമൂഹിക ഇടത്തിനുണ്ട്.

മൂന്നാമിടമെന്ന പരികല്പന പല സൈദ്ധാന്തികരുടെയും ആശയങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നതാണ്. സ്ഥലത്തിന്റെ ശൂന്യതയെയും വസ്തുനിഷ്ഠതയെയും മറികടക്കുന്ന ലഫബ്രെയുടെ സ്ഥലവിചിന്തനം അതിനെ ഒരു സാമൂഹ്യനിർമ്മിതിയെന്ന് വിശകലനം ചെയ്യുന്നു. മൈക്കൽ ഫൂക്കാൾട്ടാവട്ടെ അതിലെ അധികാരബന്ധങ്ങളെ ഇഴപിരിച്ചെടുക്കുന്നു. ഗായത്രി ചക്രവർത്തി സ്പിവാക്ക് അത് കീഴാളമാണെന്നും അരികുവൽക്കരണത്തിന്റേതാണെന്നും അതേസമയം പ്രതിരോധത്തിന്റേതാണെന്നും നിരീക്ഷിക്കുന്നു. ബെൽ ഹൂക്ക്സ് അരികുവൽക്കരണങ്ങളെ ആയുധമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നു. ഇവയുടെയെല്ലാം ആശയങ്ങളെ കൂട്ടിയിണക്കിക്കൊണ്ടുള്ള പ്രയോഗസാധ്യതയെയാണ് സോജയുടെ സ്ഥലസിദ്ധാന്തത്തിൽ കാണാൻ സാധിക്കുക.

 ISSN: 2582 - 2594

ഇടം, ചരിത്രം, സാമൂഹികത എന്നിങ്ങനെ പ്രധാനമായും മൂന്ന് ഘടകങ്ങളിലൂടെയാണ് മൂന്നാമിടമെന്ന ആശയത്തെ സോജ വികസിപ്പിച്ചെടുക്കുന്നത്. ഇവയെല്ലാം തമ്മിൽ ബന്ധപ്പെട്ടു കിടക്കുകയും പരസ്പരപൂരകങ്ങളായി വർത്തിക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണമായി സ്ഥലത്തെ യഥാർത്ഥം/ ഭാവനാത്മകം എന്നിങ്ങനെയുള്ള ദ്വന്ദ്വങ്ങളിൽ സംഗ്രഹിക്കാറുണ്ട്. എന്നാൽ ഇവ വേർതിരിഞ്ഞു നിൽക്കുന്നവയല്ല. മറിച്ച് ഇവ തമ്മിലുള്ള പരസ്പരവ്യവഹാരമാണ് സ്ഥലത്തിന്റെ സാമൂഹികതയെ രൂപപ്പെടുത്തുന്നത്. ഗാന്ധിയൻ ഗ്രാമവീക്ഷണത്തെ അംബേദ്കർ ദലിത് കർതൃത്വം കൊണ്ട് നിഷേധിക്കുന്നു. ഈയൊരു ഭാവനാത്മകമായ ഇടം അതിന്റെ ചരിത്രം കൊണ്ട് സാമൂഹ്യമായ വിവേചനങ്ങളെ അടയാളപ്പെടുത്തുന്ന പ്രതിരോധാത്മകമായ സ്ഥാനമാവുന്നു. ഗ്രാമം, അതിലെ വർണവിവേചനത്തിന്റെ ചരിത്രബന്ധങ്ങൾ എന്നിവ സ്ഥലത്തിന്റെ സാമൂഹികതയെ ദലിത്പക്ഷത്തു നിന്നുകൊണ്ട് നിർണ്ണയിക്കുന്നു. സാമാന്യമായ പാഠങ്ങളിൽ നിന്നും അതൊരു വ്യതിചലനമാവുന്നു. ഇതാണ് മൂന്നാമതൊരു ഇടത്തെ സൃഷ്ടിക്കുന്നത്. അതായത് ഏതൊന്നാണോ തങ്ങളെ അരികുവൽക്കരിച്ചത് അതിന്റെ അനുഭവമണ്ഡലത്തെ ഏറ്റവും വലിയ പ്രതിരോധമാക്കി ഉയർത്തിക്കൊണ്ടു വരുന്നു. ജാതീയമായ പ്രതിസന്ധികൾ നിലനിൽക്കെ സാങ്കേതികതയുടെ ഭാവനാലോകമായ നവമാധ്യമങ്ങൾ എല്ലാതരം മനുഷ്യർക്കും തുല്യമായ സാധ്യതകൾ നൽകുന്ന ഒരിടമാണ്. അത് സംവാദവും പ്രതിരോധവും സംഘർഷങ്ങളും ജാതീയമോ വംശീയമോ വർഗീയമോ ആയ യാതൊരു പരിഗണനകളും നൽകാത്ത/ലഭിക്കാത്ത ഒരിടമാണ്. ഇത്തരത്തിൽ പല മട്ടിലുള്ള ഭൗതികമോ അയഥാർത്ഥമോ ആയ ഇടങ്ങളുടെ സാധ്യതയെക്കുറിച്ചും മൂന്നാമിടം സംസാരിക്കുന്നുണ്ട്. ഇങ്ങനെ നാനാവിധത്തിലുള്ള ഇടങ്ങളും വ്യവഹാരങ്ങളും വിവേചനത്തിന്റെ പ്രതിരോധസ്ഥാനങ്ങളാവുന്നത് എങ്ങനെയെന്നാണ് മൂന്നാമിടം എന്ന സിദ്ധാന്തം അന്വേഷിക്കുന്നത്.

അമേരിക്കൻ എഴുത്തുകാരിയും സൈദ്ധാന്തികയും അധ്യാപികയുമായ ബെൽ ഹുക്സിനെ ഉദ്ധരിച്ചുകൊണ്ട് സോജ കീഴാളപ്രശ്നങ്ങളെ ചർച്ചയ്ക്കെടുക്കുന്നുണ്ട്. ഹുക്സ് കറുത്ത വർഗക്കാർ വെളുത്ത വർഗക്കാരിൽ നിന്ന് നേരിടുന്ന പ്രശ്നങ്ങളെ മുൻനിർത്തിയാണ് അപഗ്രഥിക്കുന്നത്. ബെൽ ഹുക്സിന്റെ പക്ഷം പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ഇരകളായി കാണുന്ന പരമ്പരാഗത വീക്ഷണത്തെ വെല്ലുവിളിക്കുന്നതാണ്. കീഴിലൊതുക്കപ്പെട്ടവർക്കും മാറ്റത്തിന്റെ നിർവ്വാഹകരാവാൻ സാധിക്കുമെന്നതാണ് ഇതിന്റെ കാതൽ. അതിലൂടെ കൂടുതൽ നീതിയും സമത്വവുമുള്ള ഒരു സമൂഹം സൃഷ്ടിക്കാൻ സമൂഹത്തിന്റെ അരികുകളിൽ ഉള്ള ജനസമൂഹങ്ങൾക്ക് സാധിക്കും. സോജ ഈ ആശയങ്ങളെ മൂന്നാമിടമെന്ന പരികല്പനയിലേയ്ക്ക് ചേർക്കുന്നുണ്ട്. വിവേചനങ്ങളെയും സാമൂഹ്യമായ പുറന്തള്ളലുകളെയും തന്നെ ഒരായുധമാക്കി മാറ്റേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സോജ കൂടുതൽ വാദങ്ങൾ ഉന്നയിക്കുന്നുണ്ട് [7]. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ പലപ്പോഴും പാർശ്വവൽക്കരണത്തിന്റെ ഇരകളെന്ന നിലയിൽ അതേ സ്ഥാനത്ത് തുടരാൻ നിർബന്ധിതരാവുന്നുണ്ട്. ഇത് മുഖ്യധാരയിൽ നിന്ന് ഒഴിവാക്കപ്പെടുകയും അധികാരത്തിലേക്കും വിഭവങ്ങളിലേക്കും പ്രവേശനം നിഷേധിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയെ കീഴാളർക്കിടയിൽ അതേപടി നിലനിർത്തുന്നു. ഈ പാർശ്വവൽക്കരണം ചെറുത്തുനിൽപ്പിനുള്ള തന്ത്രപ്രധാനമായൊരു ഇടമാകുമെന്നാണ് സോജ വാദിക്കുന്നത്. സമൂഹത്തിന്റെ അരികുകൾ സമൂലമായ പരിവർത്തനങ്ങൾക്ക് സാധ്യതയുള്ള ഇടങ്ങൾ കൂടിയാണെന്ന ബോധ്യമാണ് സോജ മൂന്നാമിടമെന്ന പരികല്പനയിലൂടെ അവതരിപ്പിക്കുന്നത്.

*"The space of Thirdspace emerges as that which is constantly being negotiated, contested, and transformed. It is the strategic location of the subaltern, where the margins are made to speak and where a counter hegemonic politics can be enacted."(Soja:1996*, p 6) പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് തങ്ങളുടെ പാർശ്വവൽക്കരണം ഉപയോഗിച്ച് ആധിപത്യത്തിന്റെ പ്രത്യയശാസ്ത്രത്തെ വെല്ലുവിളിക്കാനും തങ്ങൾക്കായി പുതിയ സാധ്യതകൾ സൃഷ്ടിക്കാനും കഴിയുമെന്ന് സോജ വാദിക്കുന്നു. ആധിപത്യ വിരുദ്ധമായ എതിർപ്പിന്റെ രാഷ്ട്രീയത്തിലൂടെ (Counter Hegemonic Politics) ദലിത് സമൂഹത്തിന് മുഖ്യധാരയിൽ പ്രാതിനിധ്യം ഉറപ്പിക്കാൻ ഭാഗികമായി സാധിക്കും. ഒപ്പം തന്നെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എതിർപ്പിന്റെ രാഷ്ട്രീയത്തിന് അതീതമായി നീങ്ങേണ്ടതുണ്ട് എന്നതും പ്രധാനമാണ്. ഉപരിവർഗം/അധികാരകേന്ദ്രം എന്നിവയുടെ ആധിപത്യത്തോടുള്ള സമരം മാത്രമായി ചുരുങ്ങുന്നത് നീതിയും സമത്വവുമുള്ള സാമൂഹിക വ്യവസ്ഥയെ സൃഷ്ടിക്കുമെന്ന് കരുതാൻ കഴിയില്ല. കീഴാളരായ മനുഷ്യർ വിമോചനാത്മകവും സമരബോധമുൾക്കൊള്ളുന്നതുമായ സ്വത്വവും സമൂഹവും സങ്കൽപ്പിക്കുകയും അത് പ്രയോഗിക്കാൻ കഴിയുന്ന പുതിയ ഇടങ്ങൾ സൃഷ്ടിക്കുകയും വേണമെന്ന് ചിന്തിക്കുന്നിടത്താണ് മൂന്നാമിടത്തിന്റെ പ്രസക്തി. അതിലൂടെയേ സമൂലമായ പരിവർത്തനം സാധ്യമാവുകയുള്ളൂ. എതിർപ്പിന്റെ രാഷ്ട്രീയത്തെ മാത്രം കേന്ദ്രീകരിച്ചുകൊണ്ടുള്ള വിമോചനം സാധ്യമല്ല. മറിച്ച് ദലിത് സ്വത്വത്തെയും അതിന്റെ വിമോചനാത്മകമായ ഉള്ളടക്കത്തെയും പ്രധാനമാക്കിക്കൊണ്ട് സമുദായത്തെ പരിഷ്കരിക്കാനും സാധ്യതയുടെ പുതിയ ഇടങ്ങളെ (എഴുത്ത്, നവ മാധ്യമങ്ങൾ, വിദ്യാഭ്യാസം) സൃഷ്ടിക്കാനും പരിശ്രമിക്കേണ്ടതുണ്ട്. അതാണ് ദലിത് എഴുത്തുകളുടെയും കേന്ദ്രമാവേണ്ടത്, അല്ലാതെ എതിർപ്പിന്റെ രാഷ്ട്രീയം മാത്രമായി സങ്കോചിക്കരുത്. അതുകൊണ്ടാണ് അംബേദ്കറിസം വർത്തമാനകാലത്തും പ്രസക്തമായിരിക്കുന്നത്. അത് എതിർപ്പിന്റെ രാഷ്ട്രീയം മാത്രമല്ല സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും അടിസ്ഥാനമാക്കിയ നൂതനമായ രാഷ്ട്രഭാവനയെ ബദൽ മാതൃകയെന്നോണം അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട് എന്നതിനാലാണ്. ഒരേസമയം സമുദായത്തെയും അതേസമയം രാഷ്ട്രത്തെയും പരിവർത്തിപ്പിക്കാനുള്ള ശ്രമം വളരെ പ്രധാനമാണ്. രണ്ടും സമാന്തരമായി നടക്കുമ്പോൾ മാത്രമേ വിമോചനമെന്നത് സാക്ഷാത്കരിക്കാവുന്ന ഒരു ലക്ഷ്യമെന്ന് പറയാൻ സാധിക്കൂ. കേരളത്തിലാവട്ടെ അയ്യങ്കാളി സമുദായത്തിനുള്ളിൽ വൃത്തിയും വിദ്യാഭ്യാസവും നേടാൻ പ്രേരിപ്പിക്കുകയും പലതരം യോഗങ്ങളിലൂടെ അവരെ അവകാശങ്ങളെക്കുറിച്ച് സംസാരിക്കാൻ ശേഷിയുള്ളവരാക്കി ഉയർത്തുന്നതിന് വേണ്ട ആഭ്യന്തരമായ പരിഷ്കരണങ്ങൾ നടപ്പിലാക്കി. അതോടൊപ്പം രാഷ്ട്രീയ കർതൃത്വത്തിന് വേണ്ടിയും പൊതുനിരത്തിൽ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടിയും വിദ്യാഭ്യാസത്തിന് വേണ്ടിയുമൊക്കെ പോരാടുകയും ചെയ്തു. ഒരേസമയം പൊതുഇടങ്ങളിൽ സവർണവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുമ്പോഴും അരികുവൽക്കരണങ്ങളെ ആയുധമാക്കാൻ സമുദായത്തെ പഠിപ്പിക്കുകയും ചെയ്തു.

തന്റെ തൃതീയ സ്ഥലസിദ്ധാന്തമെന്ന ആശയം പോലും മറികടക്കപ്പെടേണ്ടതാണ് എന്ന സോജയുടെ വാക്കുകൾ വളരെ പ്രധാനമാണ്. അറിവുരൂപങ്ങളുടെ സ്ഥിരതയെ അത് ദുർബലപ്പെടുത്തുന്നു. ആത്യന്തികമായ ഒരു സത്യമെന്ന നിലയിൽ ഒരു സിദ്ധാന്തവും സ്ഥാനപ്പെടുന്നില്ലെന്ന വസ്തുതയെ അംഗീകരിക്കുന്നത് അദ്ദേഹം മുന്നോട്ട് വയ്ക്കുന്ന ഉദാത്തമായ മൂല്യബോധം

കൂടിയാണ്. ബഹിഷ്കരണത്തെ സാമാന്യവൽക്കരിക്കാതെ അതിനെ കുറേക്കൂടി സൂക്ഷ്മമായി 'മികച്ച' ഇടങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടുന്നതിന്റെയും അന്യവൽക്കരിക്കപ്പെടുന്നതിന്റെയും യുക്തികളെ കണ്ടെത്താനും വിലയിരുത്താനും സാധിക്കുന്നിടത്താണ് വിപ്ലവകരമായ വൈജ്ഞാനികസമീപനത്തിന്റെ ആരംഭം കുറിയ്ക്കുന്നതും ലെഫബ്രെയിൽ നിന്ന് സോജ ഏറെ ദൂരം മുന്നോട്ട് നടക്കുന്നതും. സാമൂഹ്യ ബഹിഷ്കരണം കേവലമായ ഒഴിവാക്കലുകൾ മാത്രമല്ലെന്നും മറിച്ച് അവ പ്രധാനവും ഗുണകരവുമായ ഇടങ്ങളിൽ നിന്നുള്ള നിർബന്ധിതവും ആസൂത്രിതവുമായ ബലതന്ത്രങ്ങളുടെ ഭാഗമാണെന്നും സോജ കരുതുന്നു. സാമൂഹികമായ സ്ഥലസങ്കൽപ്പമെന്നാൽ മനുഷ്യരുടെ ഇടപാടുകളുടെയും പ്രവർത്തനങ്ങളുടെയും പെരുമാറ്റങ്ങളുടെയും അനുഭവങ്ങളുടെയും മാധ്യമമാണ്. ഇത്തരത്തിൽ മാധ്യമമായി നിലകൊള്ളുന്ന അതേ സ്ഥലം തന്നെ അതിലുണ്ടാവുന്ന പ്രവർത്തനങ്ങളുടെ ആകെത്തുകയാണ്. അതിനാൽ പരിവർത്തിക്കപ്പെടുന്ന ബലതന്ത്രങ്ങളുടെ (Dynamic) വ്യവസ്ഥയായിട്ടാണ് സ്ഥലഭാവനയെ ലഫബ്രെ ആദ്യമായി അവതരിപ്പിച്ചത്. എന്നാൽ സോജ കുറേക്കൂടി വ്യക്തതയോടെ സ്ഥലത്തിന്റെ സാമൂഹികതയെയും അതിലെ സങ്കീർണ്ണമായ അനുഭവലോകങ്ങളെയും ഉല്പാദനബന്ധങ്ങൾക്കതീതമായി അന്വേഷിക്കാൻ ശ്രമിച്ചു. പ്രത്യക്ഷത്തിൽ പ്രത്യേകമായൊരു പ്രത്യയശാസ്ത്രത്തിന്റെ പിന്തുണ സ്വീകരിക്കാത്ത സോജ സ്ഥലഭാവനയെ ഉത്തരാധുനികതയുടെ വിശാലമായ കാൻവാസിലാണ് കൈകാര്യം ചെയ്യുന്നത്. ദൈനംദിന ജീവിതാനുഭവങ്ങളാണ് ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനം. മൂർത്തമായിരിക്കുമ്പോഴും ഓരോ ഇടങ്ങളും അമൂർത്തമായ ആധിപത്യങ്ങളെ പ്രതിനിധാനം ചെയ്യുന്നുണ്ട്. അതിനെ വെളിവാക്കാനുള്ള മാധ്യമം ദൈനംദിനജീവിതായോധനങ്ങളാണ്.

ഒന്നാമിടം / ഭൗതിക ഇടം(First Space/Physical Space) : സ്ഥലത്തിന്റെ ഭൗതികതയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഉദാഹരണമായി ഏതെങ്കിലുമൊരു നഗരം\പ്രദേശം.

രണ്ടാമിടം /സ്ഥലപ്രതിനിധാനങ്ങൾ (Second Space/Conceptualized Space): സ്ഥലത്തിന്റെ ഭൗതികയെ ആശയവത്കരിക്കുന്നതാണ് എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഉദാഹരണമായി ഒരു നഗരത്തെയോ ഗ്രാമത്തെയോ കല, പരസ്യം തുടങ്ങിയ മറ്റ് മാധ്യമങ്ങൾ എപ്രകാരമാണ് ആവിഷ്കരിക്കുന്നതെന്ന് ഈ ആശയത്തിലൂടെയാണ് വിശകലനം ചെയ്യുന്നത്.

ആനുഭവിക സ്ഥലം/ മൂന്നാമിടം (Third Space/Lived Space) : മാനസികമായ ഇടം എന്നതിനേക്കാൾ സാമൂഹ്യരാഷ്ട്രീയ പരിവർത്തനസാധ്യതയുൾക്കൊള്ളുന്ന ഒന്നാണ് ആനുഭവിക ഇടം. ഇത് ജീവിതാനുഭവങ്ങളുടെ ഇടമാണ്. പൂർണ്ണമായും അനുഭവനിഷ്ഠമായ മൂന്നാമിടം പൊതുവെന്നോ സ്വകാര്യമെന്നോ പറയാനാവാത്ത ഇടങ്ങൾക്കകത്തെ ഇടങ്ങളാണ്. ഉദാഹരണമായി ഒരു നഗരത്തിലോ ഗ്രാമത്തിലോ ജീവിക്കുന്ന ദലിത് സമൂഹം അവരുടെ ജീവിതാനുഭവങ്ങളും ദൈനംദിനവ്യവഹാരങ്ങളും കൊണ്ട് ഇടങ്ങൾക്ക് നൽകുന്ന അർത്ഥമാണ് അധീശത്വ വ്യവഹാരങ്ങളിൽ സാമൂഹ്യമായും ചരിത്രപരമായും രാഷ്ട്രീയപരമായും അപരവൽക്കരിക്കപ്പെടുന്നത്. ഇത് ഭൗതികവും ഭാവനാത്മകവുമായ ഇടങ്ങളെ ഉൾക്കൊള്ളുമ്പോഴും അനുഭവനിഷ്ഠമായൊരു പുതിയ തലത്തെക്കൂടി ഉൾവഹിക്കുന്നുണ്ട്. ആദ്യത്തെ രണ്ടിടങ്ങളിൽ നിന്ന് വ്യത്യസ്തമായി മനുഷ്യാനുഭവങ്ങളുടെ അനുഭവപരമായ ചിതറലുകളെ അടയാളപ്പെടുത്തുന്നതാണ് മൂന്നാമിടം. ഇത് ചിലപ്പോഴൊക്കെ വിമോചനാത്മകവും മറ്റു ചിലപ്പോൾ ആധിപത്യപരവുമാണ്. മതപര

മായ ആരാധനകൾ ജനാധിപത്യപരമായ അവകാശങ്ങളെ മറികടന്ന് സൃഷ്ടിക്കുന്ന ഇടങ്ങൾ വിമോചനാത്മകമായ ഉള്ളടക്കമുള്ളതല്ലെന്ന മാത്രമല്ല ഇതര മതസ്ഥരെ അടിച്ചമർത്താനും സാമൂഹികമായി പുറന്തള്ളാനുമുള്ള ഉദ്ധനീക്കത്തിന്റെ കൂടി ഭാഗമാണ്. അതേസമയം തന്നെ വിമോചനാത്മകവും പുരോഗമനവും സാധ്യമായിട്ടുള്ള മൂന്നാമിടങ്ങളും നിരവധിയാണ്. ഉദാഹരണത്തിന്, 1970 കളിൽ ഉയർന്നുവന്ന ദലിത് പാന്തർ പ്രസ്ഥാനം തൃതീയ ഇടമായിരുന്നു. ദലിതരുടെ അവകാശങ്ങൾക്കായി പോരാടിയ ഒരു സാമൂഹിക പ്രസ്ഥാനമെന്ന നിലയിൽ ദലിത് പാന്തർ പ്രസ്ഥാനത്തിന്റെ പ്രതിഷേധങ്ങളും പ്രതിരോധങ്ങളും വഴി ദലിതരുടെ ദുരവസ്ഥയെക്കുറിച്ച് അവബോധം വളർത്തുന്നതിലും അതുമായി ബന്ധപ്പെട്ട ചില സുപ്രധാന പരിഷ്കാരങ്ങൾ കൈവരിക്കുന്നതിലും വിജയിച്ചു. നിരവധിയായ പൊതുപ്രസ്ഥാനങ്ങളും വിശ്വാസപ്രമാണങ്ങളും നിയമസംഹിതകളും നിലനിൽക്കെ ആശയപരമായ ഒരു മൂന്നാമിടമായി സ്ഥാനപ്പെട്ട അംബേദ്കറിസമായിരുന്നു അതിന്റെ അടിത്തറ. ദലിത് നേതാവും ദലിതരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടിയിരുന്ന ഭീംറാവു റാംജി അംബേദ്കറുടെ പേരിലുള്ള ഒരു സാമൂഹിക പ്രസ്ഥാനമാണ് അംബേദ്കറൈറ്റ് പ്രസ്ഥാനം. ദലിത് ആത്മകഥാഖ്യാനങ്ങളിൽ കാണുന്ന ബദൽ ചരിത്രനിർമ്മിതിയും ഇത്തരത്തിൽ ഒരു മൂന്നാമിടമായിത്തീരുന്നു.

**സ്ഥലഭാവനയിലെ ലിംഗഭേദങ്ങൾ**

സ്ഥലപരമായ വിശകലനത്തിന്റെ ലിംഗപരമായ മാനങ്ങൾ 1970 കൾ മുതലാണ് ചർച്ചകൾക്ക് വിധേയമായി തുടങ്ങിയത്. ബ്രിട്ടീഷ് സാമൂഹ്യശാസ്ത്രജ്ഞയായ സിൽവിയ വാൽബി[9], അമേരിക്കൻ തത്വചിന്തകയും ഫെമിനിസ്റ്റ് സൈദ്ധാന്തികയുമായ എലിസബത്ത് ഗ്രോസ്[10] തുടങ്ങിയവരുടെ സ്ത്രീവാദചിന്തകൾ ഇതിന് പ്രചോദനം നൽകുകയുണ്ടായി. മാത്രമല്ല ഇത് സ്ത്രീപക്ഷ ഭൂമിശാസ്ത്രത്തെ ഏറെ പരിപോഷിപ്പിക്കുകയുണ്ടായി. ഈയൊരു പ്രാരംഭസ്ഥാനത്ത് നിന്നാണ് ബ്രിട്ടീഷ് ഭൂമിശാസ്ത്രജ്ഞയായ ഡോറീൻ മാസി തന്റെ അന്വേഷണമാരംഭിക്കുന്നത്. സ്ഥലം ലിംഗവൽക്കരിക്കപ്പെടുന്നതിന്റെ സാമാന്യമായ അനുഭവങ്ങളെ മറികടന്നുകൊണ്ട് പുരുഷാധിപത്യത്താൽ നിർമ്മിതമായ സാമൂഹ്യബന്ധങ്ങളിലൂടെ ഉത്പാദിപ്പിക്കപ്പെടുകയും പുനരുല്പാദിപ്പിക്കപ്പെടുകയും ചെയ്യുന്ന സ്ഥലഭാവനയിലെ സ്ത്രൈണാനുഭവങ്ങളുടെ വിച്ഛേദമാണ് മാസിയുടെ സൈദ്ധാന്തിക ലോകം. ഇടങ്ങളുടെ ഉപയോഗങ്ങളിലും സ്ഥലപരമായ അനുഭവങ്ങളിലും പ്രയോഗങ്ങളിലുമൊക്കെ നിലീനമായിരിക്കുന്ന ലിംഗസ്വത്വത്തിന്റെ വ്യവഹാരമണ്ഡലത്തെയാണ് അവരുടെ ചിന്താലോകം പ്രധാനമായും ചർച്ചയ്ക്കെടുത്തത്.

Space, Place and Gender എന്ന പുസ്തകത്തിന്റെ ആരംഭത്തിൽ സിദ്ധാന്തത്തിന്റെ ആന്തരികയുക്തിയെപ്പറ്റി വ്യക്തമാക്കുന്നുണ്ട്. സ്ത്രീകളുടെ ഭൂമിശാസ്ത്രമല്ല താൻ അവലോകനം ചെയ്യുന്നതെന്നും മറിച്ച് ലിംഗപദവിയുടെ നിർമ്മാണവും ലിംഗബന്ധങ്ങളെ മുൻനിർത്തിയുള്ള ആലോചനകളുമാണ് നടത്തിയിരിക്കുന്നതെന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്.[11] മുൻകാലങ്ങളിൽ പൊതു ഇടങ്ങൾ സ്ത്രീകൾക്ക് അപ്രാപ്യമായിരുന്നു. അതുകൊണ്ട് തന്നെ സാമൂഹ്യജീവിതം നിഷേധിക്കപ്പെടുകയും പൊതുമണ്ഡലങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്തു. ഒഴിവാക്കപ്പെടാനുള്ള സാധ്യത കൂടുതലായിരുന്നു, എന്നാൽ ഇപ്പോൾ ഈ സ്ഥിതിയ്ക്ക് കാലാനുസൃതമായ പരിവർത്തനങ്ങൾ വന്നുകഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും, പൊതു ഇടത്തെക്കുറിച്ചുള്ള സ്ത്രീകളുടെ


ISSN: 2582 - 2594

അനുഭവങ്ങൾ ഇപ്പോഴും ലിംഗബന്ധങ്ങളാൽ രൂപപ്പെട്ടതാണ്. മാത്രമല്ല ഈ ഇടങ്ങളിൽ അവർക്ക് ഇപ്പോഴും ദുർബലത അനുഭവപ്പെടുന്ന സാഹചര്യങ്ങളും ധാരാളമാണ്. ഡോറീൻ മാസി സ്ത്രീയുടെ സ്ഥലപരമായ അനുഭവങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിലൂടെ ഇടങ്ങളിലെ ലിംഗഭേദങ്ങളെ കൂടുതൽ പ്രശ്നവത്കരിക്കുന്നു. അതിലൂടെ ലിംഗബന്ധങ്ങൾക്കകത്ത് രൂപപ്പെടുന്ന സ്ഥലത്തിന്റെ അടിസ്ഥാന സ്വഭാവത്തെ വെല്ലുവിളിക്കുകയും ചെയ്യുന്നു. ലിംഗഭേദത്തിന്റെ ഇടങ്ങൾ സൃഷ്ടിക്കപ്പെടുന്നത് സമൂഹം വച്ചുപുലർത്തുന്ന നിയമങ്ങളുടെയും ധാരണകളുടെയും പുറത്താണ്. ലിംഗാധിഷ്ഠിതമായ ഇടങ്ങളെ നിയന്ത്രിക്കുന്ന പുരുഷമേധാവിത്വത്തിന്റെ ബലതന്ത്രങ്ങൾ സാമൂഹ്യസാഹചര്യങ്ങൾക്കും സമയത്തിനുമനുസരിച്ച് വ്യത്യസ്തമായ രീതിയിലാവും. മാത്രമല്ല സ്ഥായിയായ ചട്ടക്കൂടല്ല ഇതിനുള്ളത്. മറിച്ച് സംവാദങ്ങളും മത്സരങ്ങളും സംഘർഷങ്ങളും കൊണ്ട് സ്ഥലം നിരന്തരമായ പരിവർത്തനങ്ങൾക്ക് വിധേയമാവുമെന്നും മാസി പറയുന്നുണ്ട്. മീ റ്റൂ ക്യാമ്പയിൻ, ട്രാൻസ്ജൻഡർ അവകാശങ്ങൾ തുടങ്ങിയവ അതിന് ഉദാഹരണമാണ്. അവ ലിംഗഭേദത്തിന്റെ സംവാദാത്മകമായ പുതിയ തലങ്ങളെ ഉദ്ഘാടനം ചെയ്യുന്നു. മനുഷ്യരുടെ സ്ഥലപരമായ അനുഭവങ്ങൾ ലിംഗഭേദം ഉള്ളതാണെന്നും അത് വ്യക്തിയുടെ ലിംഗപരമായ തന്മയുമനുസരിച്ച് വ്യത്യാസപ്പെടുന്നുവെന്ന് ഡോറീൻ മാസി നിരീക്ഷിക്കുന്നുണ്ട്.

ഇടങ്ങളും അതിന്റെ നിർമ്മിതിയിലും വ്യവഹാരങ്ങളിലും സജീവമായിരിക്കുന്ന ലിംഗഭേദങ്ങളുടെ തലങ്ങളെയും ബന്ധപ്പെടുത്തിയുള്ള ആലോചനകൾ സങ്കീർണ്ണവും അഗാധവുമായ ഒന്നാണ്. ഭൂമിശാസ്ത്രം ലിംഗഭേദത്തിന്റെ രൂപപ്പെടലിൽ നിർണ്ണായകമായൊരു ഘടകമാണ്. ഈ സന്ദർഭത്തിലാണ് ഭാവനാത്മക ഭൂമിശാസ്ത്രത്തെക്കുറിച്ച് (സാങ്കൽപ്പിക ഭൂമിശാസ്ത്രമെന്നും പറയാറുണ്ട്) മാസി കൂടുതലായി വിശദീകരിക്കുന്നത്.[12] സാങ്കൽപ്പിക ഭൂമിശാസ്ത്രമെന്നത് മറ്റ് സ്ഥലങ്ങളെക്കുറിച്ചുണ്ടായിവരുന്ന ധാരണകൾ മാത്രമല്ല, മറിച്ച് നമ്മുടെ സ്വന്തം സ്ഥലങ്ങളെക്കുറിച്ച് വിഭാവനം ചെയ്യുന്ന രീതി കൂടിയാണ്. ഈ സാങ്കൽപ്പിക ഭൂമിശാസ്ത്രങ്ങൾ മനുഷ്യർ വിവിധ ഇടങ്ങളെ അനുഭവിക്കുന്ന രീതിയിലും സ്വാധീനം ചെലുത്തുമെന്നും അസമമായ അധികാര ബന്ധങ്ങളെ ന്യായീകരിക്കാനും നിയമാനുസൃതമാക്കാനും അവ ഉപയോഗിക്കുന്നുണ്ടെന്നും മാസി വാദിക്കുന്നുണ്ട്.[13] ഗാർഹികവൃത്തികൾക്ക് സ്ത്രീകൾ സ്വാഭാവികമായും അനുയോജ്യരാണെന്ന ആശയം പൊതുമണ്ഡലങ്ങളിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനെ ന്യായീകരിക്കാൻ ഉപയോഗിച്ച ഭാവനാത്മക ഭൂമിശാസ്ത്രമാണ്. ഇടങ്ങളിലുള്ള വിഭവങ്ങളുടെയും അവസരങ്ങളുടെയും അസമമായ വിതരണം തുല്യനീതിയെ നിരാകരിച്ചുകൊണ്ടുള്ള വികസനത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്. ലിംഗവിവേചനമാണ് അതിന്റെ അടിസ്ഥാനപ്രമാണം. അർഹിക്കുന്ന അനുപാതമില്ലാത്ത എല്ലാത്തരം വികാസങ്ങളും സ്ത്രീസമൂഹത്തെ മോശമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. സ്ത്രീകൾക്ക് ദാരിദ്ര്യം കൂടുതൽ അനുഭവപ്പെടുന്നതും വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നതും ആരോഗ്യം അപകടത്തിലാവുകയും ചെയ്യുന്നത് ഇതിന്റെ ഭാഗമാണ്. ഉദാഹരണമായി വീട്ടിൽ ഭക്ഷണം ഉണ്ടാക്കുന്നതുൾപ്പെടെയുള്ള ജോലികൾ സ്ത്രീയുടെ ധാർമികബാധ്യതയാണ്. ഈ ബാധ്യത മതഗ്രന്ഥങ്ങളുൾപ്പെടെയുള്ള വിവിധ വ്യവഹാരങ്ങൾ അവളിൽ അടിച്ചേൽപ്പിക്കുന്നതാണ്. അലിഖിതമായ നിയമങ്ങളാൽ സീമിതമാക്കപ്പെട്ട ലിംഗവിവേചനത്തിന്റെ ഉറവിടങ്ങളായി വീടുകൾ മാറുന്നതിനെ മാസി വിശദീകരിക്കുന്നത് ഭാവനാത്മകമായ

ഭൂമിശാസ്ത്രസങ്കൽപ്പനത്തിലൂടെയാണ്. പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള തൊഴിൽ വിഭജനം പലപ്പോഴും സ്ഥലപരമായ പരിഗണനകളെ അടിസ്ഥാനമാക്കിയുള്ളതാണ്. പുരുഷനേക്കാൾ കൂടുതൽ സമയം സ്ത്രീകൾ വീട്ടിൽ ചെലവഴിക്കേണ്ടിവരുന്നുണ്ട്. ഇത് ആ സ്ഥലത്തിന്റെ ഉത്തരവാദിത്തങ്ങൾ കൂടുതലായി സ്വീകരിക്കാൻ സ്ത്രീകളെ നിർബന്ധിതരാക്കുന്നു. അതിൽ സമൂഹമാധ്യമങ്ങൾക്കുള്ള പങ്കും ചെറുതല്ല. കാരണം പരസ്യങ്ങളും സിനിമകളും സീരിയലുകളും ഉൾപ്പെടെയുള്ള ജനപ്രിയമാധ്യമങ്ങൾ സ്ത്രീയെ സ്ഥാനപ്പെടുത്തുന്നത് അടുക്കള പോലെയുള്ള വീടിന്റെ അകത്തളങ്ങളിലാണ്. അവരുടെ വ്യവഹാരങ്ങളെ പരദൂഷണങ്ങളിലും കുടുംബകാര്യങ്ങളിലും പരിമിതപ്പെടുത്തുകയും ചെയ്യുന്നു.

പൊതുമണ്ഡലമാണ് പുരുഷന്റെ ഇടമെന്നും കാര്യമാത്രപ്രസക്തമായ വിഷയങ്ങളും ബൗദ്ധികമായ ചിന്താഗതികളും വച്ചുപുലർത്തുന്നവരാണ് അവരെന്നുമുള്ള സാമാന്യവത്കരണത്തിന് നേതൃത്വം കൊടുക്കുന്നതും ഇതേ മാധ്യമങ്ങൾ തന്നെയാണ്. സ്ത്രീകളെക്കുറിച്ച് അവർക്കിടയിൽ തന്നെയും പൊതുസമൂഹത്തിലും ലിംഗപരമായ വിവേചനവും അനുബന്ധ ധാരണകളും സാങ്കല്പികമായി സൃഷ്ടിക്കുന്നതിനെക്കുറിച്ചുള്ള മാസിയുടെ നിരീക്ഷണങ്ങളെ ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്. വീടെന്ന പ്രാരംഭ സ്ഥാനത്തെ ഇത്തരത്തിൽ ലിംഗപരമായി പ്രശ്നവത്കരിക്കുമ്പോൾ നീതിരഹിതമായ പുരുഷാധിപത്യത്തിന്റെ ബലതന്ത്രങ്ങളാണ് വെളിവാക്കപ്പെടുന്നത്.

അമേരിക്കൻ ഫോട്ടോഗ്രാഫറും ചലച്ചിത്രകാരിയുമായ സിൻഡി ഷെർമന്റെ വ്യത്യസ്ത കഥാപാത്രങ്ങളുടെ സ്വത്വപരമായ വൈവിധ്യത്തെ ഉദ്ധരിച്ചുകൊണ്ട് സ്ത്രീ സ്വത്വത്തിന്റെ ചലനാത്മകത എത്രമേൽ പുരുഷാധിപത്യത്തിലൂന്നിയ സാമൂഹ്യാന്തരീക്ഷത്തെ അസ്വസ്ഥമാക്കുന്നുവെന്ന് മാസി വ്യക്തമാക്കുന്നുണ്ട്. കാരണം അത് സ്ത്രീകളെ സംബന്ധിച്ച സ്ഥിരവും അയവില്ലാത്തതുമായ കാഴ്ചപ്പാടിനെ വെല്ലുവിളിക്കുന്നു. ഷെർമാന്റെ വീട്ടമ്മമാർ, വേശ്യകൾ, സിനിമാതാരങ്ങൾ തുടങ്ങിയ നിരവധി വേഷപ്പകർച്ചകൾ അനവധി സ്ത്രീസ്വത്വങ്ങളെ ആവിഷ്കരിക്കുന്നുണ്ട്. ഇത് ഒരൊറ്റ അനിവാര്യമായ സ്ത്രീ സ്വത്വം എന്ന സാമ്പ്രദായിക അസ്ഥിരപ്പെടുത്തുന്നതിനുള്ള ഒരു മാർഗമായി കാണാൻ കഴിയും. സ്ത്രീയെ സ്ഥലപരമായി സങ്കോചിപ്പിക്കുന്നതിന്റെ പ്രേരണ തന്നെ സുസ്ഥിരമായ ഒരൊറ്റ സ്വത്വത്തിലേക്ക് ഒതുക്കാനുള്ള അഭിലാഷത്തിന്റെ ഭാഗമായിട്ടാണ് എന്ന് വേണം മനസ്സിലാക്കാൻ. പുരുഷാധിപത്യം വിഭാവനം ചെയ്യുന്ന സാമൂഹികക്രമം സ്ത്രീയെ വസ്തുവത്കരിക്കുകയും നിയന്ത്രിക്കുകയും അവളുടെ വ്യക്തിത്വത്തെ സീമിതമായ നിയമങ്ങളിലേക്ക് ചിരപ്രതിഷ്ഠ നടത്തുകയും ചെയ്യുന്നതോടൊപ്പം പരിമിതമായ ഇടങ്ങളിൽ മാത്രം തുടരാൻ നിർബന്ധിക്കുന്നുമുണ്ട്. അതിനോട് വിസമ്മതിക്കുന്ന ഷെർമാന്റെ സൃഷ്ടികളിൽനിന്ന് നിർദ്ധാരണം ചെയ്യാവുന്ന സന്ദേശം "ചലിച്ചുകൊണ്ടേയിരിക്കുക!" എന്നതാണ്. ഇത് സ്ത്രീകൾക്ക് പരിമിതമായ ഇടങ്ങളിലേക്കോ സ്വത്വബോധത്തിലേക്കോ ചുരുങ്ങുന്നതിനെ ചെറുക്കാനും പുരുഷാധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ട് അവരുടെ സാമൂഹ്യകർത്തൃത്വത്തെ ഉറപ്പിക്കാനുമുള്ള ആഹ്വാനം കൂടിയാണ്. ഇത്തരത്തിൽ പലമട്ടിലുള്ള ഇടങ്ങളിലേയ്ക്ക് പ്രയാണം ചെയ്യാനുള്ള മാസിയുടെ ആഹ്വാനം സ്ഥലപരമായ ചുരുക്കലുകളെ അതിജീവിക്കാനുള്ള സമവാക്യം കൂടിയാണ്.[13] കൂടാതെ സ്ത്രീസമൂഹത്തിന്റെ പുരോഗമനത്തിന്റെ അടിസ്ഥാനമായി അവരിടപഴകുന്ന ഇടങ്ങൾ വർത്തിക്കുന്നുണ്ടെന്നും ഇതിലൂടെ വ്യക്തമാണ്. വ്യത്യസ്ത ലിംഗസ്വത്വങ്ങൾക്ക്


ISSN: 2582 - 2594

സ്ഥലം ഒരേസമയം പരിമിതിയും സാധ്യതയുമായി മാറുന്ന പുരുഷാധിപത്യസമൂഹത്തിന്റെ ലിംഗവിവേചനത്തിന്റെ അടരുകളാണ് മാസി അനാവരണം ചെയ്യുന്നത്.

ഡോറീൻ മാസിയുടെ സൈദ്ധാന്തിക സമീപനങ്ങളിലൂടെ ദലിത് സ്ത്രീസാഹിത്യത്തെ പുനരാലോചിക്കുമ്പോൾ സ്ഥലമെന്നത് നിഷ്പക്ഷമായൊരു പശ്ചാത്തലമല്ലെന്നും അവ ലിംഗാധിപത്യത്തിന്റെ ഇടപെടലുകളിലൂടെ സജീവമായി ഉൽപ്പാദിപ്പിക്കപ്പെടുകയും പുനർനിർമ്മിക്കപ്പെടുകയും ചെയ്യുന്ന ഒന്നാണെന്നും വ്യക്തമാവുന്നുണ്ട്. മാത്രമല്ല കീഴാളമുന്നേറ്റചരിത്രത്തിൽ സ്ത്രീകൾ നടത്തിയ നിരവധി ചെറുത്തുനിൽപ്പുകൾ പരിഗണിക്കപ്പെടാതെ പോയിട്ടുമുണ്ട്. ഉദാഹരണമായി ഇന്ത്യയിലെ ആദ്യ ബിരുദധാരിയായ ദാക്ഷായണി വേലായുധൻ പൊതുനിരത്തിൽ അന്തസ്സായി നിവർന്നു നടന്ന ചരിത്രമുണ്ട്. അവരെക്കണ്ട സവർണ്ണർ മാറി നടന്നുവെന്നത് മറ്റൊരു വസ്തുത.[14] ജാതീയതയെ വെല്ലുവിളിക്കാനും മനുഷ്യാന്തസ്സിന് അർഹരും പ്രാപ്തരുമെന്നു തെളിയിക്കാനും പൊതുനിരത്തിലൂടെയുള്ള സഞ്ചാരമാണ് ദാക്ഷായണി വേലായുധൻ തിരഞ്ഞെടുത്തത്. അത് ഒരേ സമയം ജാതിയേയും പുരുഷാധിപത്യത്തെയും കൂടിയാണ് പ്രതിരോധിക്കുന്നത്. പൊതുവഴി എന്നത് പൊതുമണ്ഡലമാവുകയും ദലിത് സ്ത്രീ അതിൽ നിർണ്ണായകമായി ഇടപെടുകയും സമൂഹമധ്യത്തിൽ തന്റെ സ്വത്വബോധത്തിലുറച്ച് നിൽക്കുകയും ജാതിബന്ധങ്ങളെയും അതിലെ ലിംഗബന്ധങ്ങളെയും നിർവീര്യമാക്കുകയും ചെയ്യുന്നു. ദൈനംദിനജീവിതത്തിലെ അപ്രസക്തമെന്ന് തോന്നാവുന്ന ഒരു ചെറിയ പ്രവർത്തി ഒരു വലിയ പ്രതിരോധമായി മാറുന്നതിനെ സംബന്ധിച്ച അവബോധമുണ്ടാക്കാൻ മാസിയുടെ ചിന്തകൾ വഴിയൊരുക്കുന്നു. വീടെന്ന സീമിതമായ അടച്ചിരിക്കലുകളിൽ നിന്ന് പുറത്തിറങ്ങി നടക്കാനും സധൈര്യം സാമൂഹ്യാധിപത്യങ്ങളെയും ലിംഗവിവേചനങ്ങളെയും പ്രതിരോധിക്കാനുള്ള സ്ത്രീസമൂഹത്തിന്റെ ശേഷിയെക്കുറിച്ച് ബോധ്യപ്പെടണമെങ്കിൽ ഇത്തരത്തിലുള്ള സ്ഥലപരമായ ചെറുത്തുനിൽപ്പുകളെ അവരുടെ അനുഭവമണ്ഡലങ്ങളിൽ നിന്നും കണ്ടെടുക്കേണ്ടതും, ഒപ്പം അവയെക്കൂടി ചരിത്രമാക്കേണ്ടതുണ്ട്.

ലിംഗഭേദം, വംശം, വർഗ്ഗം, ജാതി തുടങ്ങിയ ബഹുസ്വരമായ സാമൂഹികബന്ധങ്ങളിലൂടെ രൂപപ്പെട്ട് വരുന്ന സ്ഥലസങ്കല്പത്തെ വിമർശനാത്മകമായി നോക്കിക്കാണുന്ന മാസിയുടെ ചിന്താപദ്ധതികൾ ജാതിയിലെ ലിംഗബന്ധങ്ങളിലെ സങ്കീർണ്ണതകളെ ബോധ്യപ്പെടുത്തുന്നുണ്ട്. ജാതിയെന്നത് സാമൂഹികമോ സാംസ്കാരികമോ ആയൊരു വ്യവസ്ഥ മാത്രമല്ലെന്നും മറിച്ച് അതൊരു സ്ഥലവ്യവസ്ഥ കൂടിയാണെന്നുമുള്ള വസ്തുത തന്നെയാണ് ദലിത് സാഹിത്യത്തിലെ സ്ത്രീവാദപരമായ ആഖ്യാനങ്ങൾ തെളിയിക്കുന്നതും. ജാതിനിലയ്ക്ക് അനുസരിച്ച് ഇടപാടുകളും ആഹാരവും സഞ്ചാരവും വസ്ത്രധാരണവുമുൾപ്പെടെ ശ്രേണീബദ്ധമായി നടത്തുന്ന സാമൂഹ്യസംവിധാനത്തിൽ ലിംഗഭേദത്തിന്റെ അധിക ബാധ്യതകൾ കൂടി സ്ത്രീകൾ നേരിടുന്നുണ്ട്. സൃഷ്ടിക്കുന്ന ജാതിയുടെയും ലിംഗഭേദത്തിന്റെയും സ്ഥലപരമായ അസമത്വങ്ങളെ പ്രശ്നവത്കരിക്കുന്ന ഡോറീൻ മാസി ദലിത് ഫെമിനിസ്റ്റ് രചനകളുടെ അനുഭവമണ്ഡലത്തെ സംബന്ധിച്ച സ്ഥലപരമായ ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്. ദലിത് സ്ത്രീകൾക്ക് സ്ഥലം അടിച്ചമർത്തലിന്റെയും വൈകാരിക ആഘാതങ്ങളുടെയും സ്ഥാനമായി മാറുന്നതിലെ സാമൂഹ്യവ്യവസ്ഥയുടെ പങ്ക് ഇനിയും അന്വേഷിക്കപ്പെടേണ്ടതാണെന്നും മാസി തെളിയിക്കുന്നു.

**ഉപസംഹാരം**

സ്ഥലമെന്ന സങ്കല്പം നിരവധിയായ വിവക്ഷകളിലൂടെ ചരിത്രങ്ങളിലൂടെ കടന്നുപോയിട്ടുള്ള ഒരാശയമാണ്. ഹെൻറി ലഫബ്രെയിൽ നിന്നാരംഭിച്ച ഈ സൈദ്ധാന്തിക സമീപനം ഡേവിഡ് ഹാർവ്വെ, എഡ്‌വേഡ് സോജ, ഹോമി കെ. ഭാഭ, ഡോറീൻ മാസി എന്നിവരിലൂടെ ബഹുശിലാത്മകമായ ആശയലോകങ്ങളിലേയ്ക്ക് സ്ഥലഭാവനയെ ചേർത്ത് വയ്ക്കുകയുണ്ടായി. ലിംഗഭേദം, വംശം, വർഗ്ഗം, ജാതി തുടങ്ങിയ നിരവധി ഘടകങ്ങളും സ്ഥലസങ്കൽപ്പത്തെ കൂടുതൽ പ്രശ്നവത്കരിച്ചു. അതിൽ പാശ്ചാത്യമായ സൈദ്ധാന്തികസമീപനങ്ങളെയും പാശ്ചാത്യേതരമായ പോസ്റ്റ് കോളോണിയലിസ്റ്റ് വിചാരങ്ങളെയും തന്റെ സിദ്ധാന്തത്തിലൂടെ സമന്വയിപ്പിച്ച എഡ്വേർഡ് സോജയും സ്ഥലസങ്കല്പങ്ങളിലെ ലിംഗഭേദങ്ങളെക്കുറിച്ച് അന്വേഷിച്ച ഡോറീൻ മാസിയും സ്ഥലപഠനങ്ങളിൽ ഗുണകരമായ ദിശാവ്യതിയാനത്തെ അടയാളപ്പെടുത്തുന്നു. ഇന്ത്യയിലെ ദലിത് ആത്മകഥകളെ പഠനവിധേയമാക്കാനും അതിലൂടെ അവരനുഭവിക്കുന്ന ജാതീയവും ലിംഗപരവുമായ പാർശ്വവത്കരണങ്ങളെ തിരിച്ചറിയാനും വിശകലനം ചെയ്യാനും സ്ഥലപഠനങ്ങൾ സഹായകരമാണ്. സാമൂഹ്യമായി നിർമിക്കപ്പെട്ട ഇടങ്ങളെയും അതിന്റെ ഭൗതികമായ സവിശേഷതകളെയും അതിൽ നിന്നുണ്ടാവുന്ന അനുഭവങ്ങളെയും വൈകാരികതലങ്ങളെയും ഉൾപ്പെടെ വിശകലനം ചെയ്യാൻ മേൽപ്രസ്താവിച്ച സിദ്ധാന്തങ്ങൾ അനുകൂലമാണെന്ന് സൂക്ഷ്മമായ അന്വേഷണത്തിൽ ബോധ്യപ്പെടും. ലോകത്തെവിടെയും പാർശ്വവത്കരിക്കപ്പെടുന്നതിന്റെ യുക്തികൾ തമ്മിൽ അസാമാന്യമായ ചേർച്ചകളുണ്ടെന്നത് ദലിത് ആത്മകഥകളുടെ സ്ഥലപരമായ വിശകലനം തെളിയിക്കുന്നുണ്ട്.

ചേരികളിലോ ഗ്രാമത്തിന്റെ വെളിമ്പുറങ്ങളിലോ ജീവിക്കുന്ന നിയമാനുസാരിയല്ലാത്ത പാർപ്പിടങ്ങളും ക്രമരഹിതവും ഞെരുക്കമുള്ളതും വൃത്തിഹീനവുമായ പരിതഃസ്ഥിതികളുമുള്ള അധഃസ്ഥിതരായ മനുഷ്യർ ഇടപഴകുന്ന ഇടങ്ങളെല്ലാം വിവേചനവും ഹിംസയും നിറഞ്ഞതാണെന്ന് ലഫെബ്രയുടെയും സോജയുടെയും സ്ഥലപരമായ വിശകലനങ്ങൾ തെളിയിക്കുന്നുണ്ട്. അത്തരം ഇടങ്ങളെ പരിവർത്തിപ്പിക്കാനും സ്ഥലനീതി (spatial Justice) ഉറപ്പിച്ചെടുക്കാനുമുള്ള സാധ്യതയാണ് തൃതീയ സ്ഥലസിദ്ധാന്തം. ജാതിപദവികൊണ്ട് മാത്രം അടിസ്ഥാനാവശ്യങ്ങൾ പോലും നിഷേധിക്കപ്പെടുന്ന ജനസമൂഹങ്ങളുടെ ആത്മാവിഷ്കരണങ്ങളെന്ന ദലിത് ആത്മകഥകൾ മുന്നോട്ട് വയ്ക്കുന്ന അനുഭവലോകങ്ങളുടെ സ്ഥലപരമായ വിശകലനത്തിൽ സ്ഥലനീതി, ഇടങ്ങൾക്കുള്ളിലെ ഇടങ്ങൾ (In-between Spaces) എന്നിങ്ങനെയുള്ള ആശയങ്ങൾ ഏറെ ഉൾക്കാഴ്ചകൾ നൽകുന്നുണ്ട്. ദലിത് സ്വത്വങ്ങളെ രൂപപ്പെടുത്തുന്നതിൽ സ്ഥല-കാല അനുഭവങ്ങൾക്കുള്ള സ്വാധീനത്തെ സോജയുടെ സ്ഥലപരത (Spatiality) അഭിസംബോധന ചെയ്യുന്നുണ്ട്. മനുഷ്യരുടെ സ്വത്വബോധത്തെയും അനുഭവമണ്ഡലത്തെയും ലോകവീക്ഷണത്തെയും നിർമ്മിച്ചെടുക്കുന്ന നിർണ്ണായക ഘടകമാണ്. സ്ഥലം ദലിത് ജീവിതങ്ങളെ പരിമിതപ്പെടുത്തുകയും അപരവത്കരിക്കുകയും ചെയ്യുന്നു. സോജയുടെ സൈദ്ധാന്തിക അടിത്തറ അടിസ്ഥാനപരമായി ബഹിഷ്കൃതലോകങ്ങളോട് ഐക്യപ്പെടുന്ന ഒന്നാണ്. അതിന്റെ തുറന്ന ഘടനയും യുക്തിയുക്തമായ വിശകലന വിവക്ഷകളും വിവിധ വിഷയമേഖലകളിലേക്ക് ഇതിനോടകം സ്വാംശീകരിക്കപ്പെട്ടിട്ടുണ്ട് (പ്രത്യേകിച്ചും സാഹിത്യം). സ്ഥലഭാവനയിലെ ലിംഗഭേദങ്ങളെ സംബന്ധിച്ച ഡോറീൻ മാസിയുടെ സിദ്ധാന്തങ്ങൾ ലിംഗപരമായ വിവേചനങ്ങളെ

 ISSN: 2582 - 2594

വിമർശനാത്മകമായി നോക്കിക്കാണുന്നുണ്ട്. സ്ഥലമെന്നത് ലിംഗബന്ധങ്ങളാൽ രൂപപ്പെടുന്ന ഒന്നാണെന്ന മാസിയുടെ വാദങ്ങൾ സ്ഥലസിദ്ധാന്തങ്ങളിൽ തന്നെയും വിപ്ലവകരമായ പരിവർത്തനങ്ങൾ സൃഷ്ടിച്ചു കഴിഞ്ഞിട്ടുണ്ട്.

സ്ഥലഭാവനകൾ അധികാരബന്ധങ്ങളുടെ ഉത്പന്നങ്ങളാണ്. അവയെ പഠനവിധേയമാക്കുന്നതിലൂടെ അധികാരനിർമ്മിതിയുടെ നീതികേടുകളെയും പൊതുബോധ്യങ്ങളെയും തുറന്നുകാണിയ്ക്കാനും സാഹിത്യം പ്രതിരോധങ്ങളുടെ ഉദാത്ത മാതൃകയായി എങ്ങനെ മാറിത്തീരുന്നുവെന്ന് മനസിലാക്കാനും ഈ സിദ്ധാന്തങ്ങളിലൂടെ സാധിക്കും. സാമൂഹ്യവ്യവസ്ഥയുടെ പ്രതിഫലനമായി മാറുന്ന ദലിത് സാഹിത്യമേഖലയുടെ ആധികാരികതയും പ്രസക്തിയും ഉറപ്പിച്ചെടുക്കാനും വിമർശനാത്മകമായ ജ്ഞാനോൽപ്പാദനം (Critical Knowledge Production) അനിവാര്യമാണ്. സ്ഥലവിചിന്തനം അതിനുവേണ്ടി പ്രയോജനപ്പെടുത്താവുന്ന സൈദ്ധാന്തിക അടിത്തറയാണെന്ന് അത് സംബന്ധിച്ച വൈജ്ഞാനിക ചർച്ചകൾ ബോധ്യപ്പെടുത്തുന്നുണ്ട്.

**കുറിപ്പുകൾ**

1 ഡേവിഡ് ഹാർവ്വേയാണ് അത്തരമൊരു പ്രയോഗം നടത്തുന്നത്. അദ്ദേഹത്തിന്റെ രചനകൾ പാരമ്പര്യ മാർക്സിസ്റ്റ് രീതികളിൽ നിന്ന് ഭിന്നമാണെങ്കിലും അത് വർഗവിശകലനത്തിലാണ് ഉറച്ച് നിൽക്കുന്നതെന്നും ആധികാരികമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. David Harvey, Spaces of Hope, University of California Press, Berkeley, 2000, P 122

2 The Location of Culture (1994), Nation and Narration (1990), The Postcolonial Critic (1994) ഈ മൂന്ന് പുസ്തകങ്ങളിലായാണ് THIRD SPACE എന്നതിനെ സംബന്ധിച്ച ചർച്ചകൾ കാണാൻ സാധിക്കുന്നത്. ഏകശിലാത്മകമായ സാംസ്കാരിക ഭാവനയെ എതിർക്കുകയും വൈവിധ്യവും കലർപ്പുകളും നിറഞ്ഞ ചേർന്നിരിപ്പുകളുടെ ഇടങ്ങളെ വീണ്ടെടുക്കുകയുമാണ് ഭാഭാ ചെയ്യുന്നത്. സോജയുടെ ആശയലോകത്തോട് ചേർന്നുനിൽക്കുന്ന അദ്ദേഹത്തിന്റെ സൈദ്ധാന്തിക സമീപനങ്ങൾ കൂടി തൃതീയ സ്ഥലസിദ്ധാന്തത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

3 "Both Homi Bhabha's (1994) and Edward Soja's (1996) conceptualizations of Third Space were included in this study and their specific contributions to the theory" Brittani Kalyani Roy, Cultural Identity and Third Space: An Exploration of their Connection in a Title I School, Arizona State University, August 2017, P 25

4 "A space where the negotiation of meaning and representation takes place between different cultural and social groups" Homi K. Bhabha, The Location of Culture, Routledge, UK, 1994, P 37.

5 "social space can be seen, as can the physical and mental space, as 'simultaneously real and imagined, concrete and abstract, material and metaphorical', Soja, Edward W. Thirdspace: Journeys to Los Angeles and Other Real-and-Imagined Place". Soja, Edward, Thirdspace: Journeys to Los Angeles and Other Real-and-Imagined Places, BlackWell Publishers, UK 1996, P 65

6 കൊച്ച് കെ കെ, ദലിതൻ, ഡിസി ബുക്സ്, കോട്ടയം, 2019, പുറം 87

7 Soja, Edward, Thirdspace: Journeys to Los Angeles and Other Real-and-Imagined Places, BlackWell Publishers, UK 1996, P 97

8 Theorizing Patriarchy എന്ന ലേഖനത്തിൽ സ്ത്രീകളുടെ തൊഴിലിനെ സ്ഥലപരമായി വിശകലനം ചെയ്യുന്നിടത്ത് ഗാർഹികവൃത്തികളും സേവനങ്ങളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ നിർബന്ധിതരാവുന്ന എന്നും വീട് എന്ന പരിമിത ഇടത്തിലേക്ക് ചുരുങ്ങിപ്പോവുന്നുവെന്നും സിൽവിയ

വാൽബി പ്രസ്താവിക്കുന്നുണ്ട്. മാത്രമല്ല തൊഴിലുള്ള സ്ത്രീകൾ പോലും പുരുഷനേക്കാൾ കൂടുതൽ സമയം വീട്ടിലും അടുക്കളയിലും ചെലവഴിക്കുന്നുണ്ടെന്നും അവർ കൂട്ടിച്ചേർക്കുന്നുണ്ട്. ഇത് തൊഴിലിന്റെ സ്ഥലപരമായ വിഭജനത്തിലെ ലിംഗഭേദത്തെയാണ് കാണിക്കുന്നത്. Sylvia Walby: Sociology, Sage Publishers, May 1989, Vol. 23, No. 2, P 215

9 Elizabeth Grosz, Space, Time and Perversion, 1995, Routledge, ISBN-0415099848

10 "This formulation is deliberate. The concern is not with the geography of women but with the construction of gender and gender relation", Doreen Massey, Space, Place and Gender, University of Minnesota Press Minneapolis, 2001 (3rd edition), P 12

11 എഡ്വേർഡ് സെയ്ദാണ് ഓറിയന്റലിസം എന്ന പുസ്തകത്തിൽ സാങ്കല്പിക ഭൂമിശാസ്ത്രം എന്ന ആശയം ആദ്യമായി അവതരിപ്പിക്കുന്നത്. ചില ഗ്രന്ഥങ്ങളിലൂടെയോ കൽപ്പനകളിലൂടെയോ സവിശേഷമായ വ്യവഹാരങ്ങളിലൂടെയോ ഏതെങ്കിലുമൊരു പ്രത്യേക ഇടത്തെക്കുറിച്ച് ഉണ്ടായിവരുന്ന ധാരണയെയാണ് സാങ്കല്പിക ഭൂമിശാസ്ത്രം അല്ലെങ്കിൽ ഭാവനാത്മക ഭൂമിശാസ്ത്രമെന്ന് വ്യവഹരിക്കുന്നത്. സാമൂഹിക നിർമ്മാണത്തിന്റെ ഭാഗമായിട്ടാണ് സാങ്കല്പിക ഭൂമിശാസ്ത്രവും ഉടലെടുക്കുന്നത്. പാശ്ചാത്യർ പൗരസ്ത്യരെക്കുറിച്ച് ബോധപൂർവ്വം സൃഷ്ടിച്ചെടുക്കുന്ന ധാരണകളെ മുൻനിർത്തിയാണ് സെയ്ദ് ഭാവനാത്മക ഭൂമിശാസ്ത്രമെന്ന സങ്കൽപ്പനത്തെ വിശദീകരിക്കുന്നത്. സാങ്കൽപ്പിക ഭൂമിശാസ്ത്രം ആധിപത്യം ഉറപ്പിച്ചെടുക്കുന്നതിനുള്ള ഉപാധി കൂടിയായി പരിവർത്തിപ്പിക്കപ്പെടുന്നതിനെക്കുറിച്ചും ഈ പുസ്തകത്തിൽ ചർച്ച ചെയ്യുന്നുണ്ട്. അരികുവത്കരണത്തിന്റെ ഇടങ്ങൾ സൃഷ്ടിക്കുന്നതിൽ ഈ ഭൂമിശാസ്ത്രസങ്കല്പനത്തിനു പങ്കുണ്ടെന്നും കാണാം. ബ്രിട്ടീഷ് ഭൂമിശാസ്ത്രജ്ഞനായ ഡെറിക് ഗ്രിഗറിയും ഡോറീൻ മാസിയും ഇതിനെക്കുറിച്ച് കൂടുതലായി വിശദീകരിക്കുന്നുണ്ട്.

12 Doreen Massey, Space, Place and Gender, University of Minnesota Press Minneapolis, 2001 (3rd edition), P 2

13 "The mobility of Cindy Sherman's identity is troubling to the patriarchal gaze; Owen's comment about 'the masculine desire to fix the woman in a stable and stabilizing identity' ('Flexible sexism') may be tied in with a desire to fix in space and place. One gender-disturbing message might be - in terms of both identity and space - keep moving!", Doreen Massey, Space, Place and Gender, University of Minnesota Press Minneapolis, 2001 (3rd edition), P 11

14 മീര വേലായുധൻ/കെ പി സേതുനാഥ്, കായൽ സമ്മേളനവും ഹിന്ദുത്വവും, 2014, മാതൃഭൂമി ആഴ്ചപ്പതിപ്പ് ഫെബ്രുവരി 23, പുറം 26

## ഗ്രന്ഥസൂചി


- അനിൽ കെ എം, ശരീരം ജാതി അധികാരം അസ്പൃശ്യതയുടെ പ്രാതിഭാസികത, പ്രോഗ്രസ് ബുക്സ്, കോഴിക്കോട്, 2018
- എം. ആർ രേണുകുമാർ, മുഴുസൂര്യനാവാനുള്ള ശ്രമങ്ങൾ, സൈകതം ബുക്സ്, കോതമംഗലം, 2013
- ഓം പ്രകാശ് വാല്മീകി, പി. എ ഹമീദ്(വിവ), ജ്ഠൂൻ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 1997
- കൊച്ച് കെ കെ, ദലിതൻ, ഡിസി ബുക്സ്, കോട്ടയം, 2019
- ബാമ, ഷൈലജ രവീന്ദ്രൻ (വിവ), ഡി സി ബുക്സ്, കോഴിക്കോട്, 2008
- നാഗരാജ് ബി. ആർ, ജ്വലിക്കുന്ന പാദങ്ങൾ, മനോജ് കുമാർ പി. എസ്. (വിവ) എസ്. പി. എസ്. എസ്, കോട്ടയം, 2018
- പ്രദീപൻ പാമ്പിരിക്കുന്ന്, പ്രദീപൻ പാമ്പിരിക്കുന്നിന്റെ ലേഖനങ്ങൾ, സുനിൽ പി ഇളയിടം, അനിൽ കെ എം (സമാഹരണം, ആമുഖം), കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 2020


 ISSN: 2582 - 2594

**ലേഖനങ്ങൾ**

- മീര വേലായുധൻ/കെ പി സേതുനാഥ്, കായൽ സമ്മേളനവും ഹിന്ദുത്വവും, (അഭിമുഖം), മാതൃഭൂമി ആഴ്ചപ്പതിപ്പ്, ഫെബ്രുവരി 23, 2014
- സുനിൽ പി ഇളയിടം, ഖബർ നോവലിന്റെ അവതാരിക, ഡിസി ഓൺലൈൻ, ഒക്ടോബർ7, 2020, https://www. dcbooks.com/study-on-kr-meeras-new-novel-qabar-by-sunil-p-ilayidom. html
- കൊച്ച് കെ. കെ, ഇപ്പോൾ ഇടപെട്ടില്ലെങ്കിൽ ഈ സമരം തോൽക്കും, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജൂലായ് 7, 2013
- സെലീന പ്രക്കാനം/ജെ ദേവിക(അഭിമുഖം), പ്രാർഥനാബുദ്ധനല്ല പ്രയോജബുദ്ധനാണ് പ്രചോദനം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, മാർച്ച് 30, 2014

**BOOKS**

- Andrew. Habana Hafner, Production of Third Space For Immigrant English Language Learners: (RE)Negotiating Identity and Discourse In the secondary, Doctor of Education (EdD), Language, Literacy and Culture Program Department of Teacher Education and Curriculum Studies School of Education, Feb 2012, https://doi.org/10. 7275/tzw3-3a16
- Brittani Kalyani Roy, Cultural Identity and Third Space: An Exploration of their Connection in a Title I School, Arizona StateUniversity, August 2017
- David Harvey, Spaces of Capital-Towards a Critical Geography, Routledge, New York, ISBN 0-415-93240-8 - ISBN 0-415-93241-6, 2001
- Spaces of Hope, University of California Press, California Studies in Critical Human Geography, ISBN -0520225783, 9780520225787, 2000
- Spaces of Global Capitalism, Verso Publication, New York ISBN 1844670651, 9781844670659, 2006
- Spaces of Capital-Towards a Critical Geography, Routledge, New York, ISBN 0-415-93240-8 - ISBN 0-415-93241-6, 2001
- Derek Gregory Ron Johnston Geraldine Pratt Michael J. Watts and SarahWhatmore, The Dictionary of Human Geography(5th Edition), Blackwell Publishers,, 2009, UK
- Doreen Massey, Space, Place and Gender(3rd edition), University of Minnesota Press Minneapolis, 2001
- Elizabeth Grosz, Space, Time and Perversion, 1995, Routledge, ISBN-0415099848
- Henri Lefebvre, Donald Nicholson-Smith(Trans.), The Production of Space, Basil Blackwell, Cambridge, USA, 1991
- Holly Prescott, Rethinking Urban Space in Contemporary British Writing, Department of English, University of Birmingham, 2011
- Homi K. Bhabha, The Location of Culture, Routledge, UK, 1994
- Jill Ingham, The Function of Physical Space in The Cuben Novel of The 1950s, LAP Lambert Academic Publishing, 2011, ISBN: 9783846504253, 3846504254
- John Marx, University of California, Cambridge University Press, Online ISBN:9781139097154, https://doi.org/10. 1017/CBO9781139097154., 2012

- Judith Butler, Gender Trouble: Feminism and the Subversion of Identity, 1990, Routledge, 041590388X
- Nivesjö, S, Dis-placed Desires: Space and Sexuality in South African Literature (Doctoral dissertation, Department of English, Stockholm University), ISBN: 978-91-7911-018-5, 2020
- Sara Upstone, Spatial Politics in the Postcolonial Novel, Routledge, New York ISBN 9781138265837, 2016 (second edition, first published on 2009 by Ashgate Publishing)
- Soja, Edward, Thirdspace: Journeys to Los Angeles and Other Real-and-Imagined Places, BlackWell Publishers, UK 1996, P 11
- Tamara Ashley, Alexis Weedon (Editors), Developing a Sense of Place: The Role of the Arts in Regenerating Communities, UCL Press, 2020 Open JSTOR Collection.

## ARTICLE

- Joakim Lindgren, Spaces of social inclusion and exclusion A spatial approach to education restructuring and identity in Sweden, Education Inquiry, Vol. 1, No. 2, June 2010
- Justin Williams, Toward a Theory of Spatial Justice, Annual Meeting of the Western Political Science Association Los Angeles, CA “Theorizing Green Urban Communities” Panel Thursday, March 28, 2013
- Rick Allen, What Space Makes of Us: Thirdspace, Identity Politics, and Multiculturalism, Paper presented at the American Educational Research Association Conference Chicago, Illinois March 28, 1997
- Sylvia Walby, Theorizing Patriarchy, Sociology, Sage Publishers, May 1989, Vol. 23, No. 2.

## YOUTUBE

- Dr. Krishanan Romina (Asst. Proffesor JNU), Lecture on Space and Territory, Consortium for educational communication, An Inter University Centre of UGC on Electronic Media 2017